**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4517** **06-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതി വഴി സംസ്ഥാനത്തെ തരിശു ഭൂമികളിൽ കൃഷി നടപ്പിലാക്കുക,ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാവുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. മരച്ചിനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്യുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന 7 മാതൃകാ കൃഷി തോട്ടങ്ങളും ഇത് മുഖേന 135 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കപ്പ, ചേന, ചേമ്പ്, കരനെല്ല് എന്നീ ഇനങ്ങളിലായി 700 സെന്റ് സ്ഥലത്ത് കൃഷി നടത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 3 ലക്ഷം രൂപ വായ്പയും എസ്.എൽ.എഫ് പദ്ധതി പ്രകാരം 1643 പേർക്ക് 15.48 കോടി രൂപ വായ്പയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ